# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പുതുപ്പാടി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1594/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 14/12/2021
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുപ്പാടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 2/1594/2021 തീയ്യതി: 14/12/2021

## കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-08-2019 മുതൽ 13-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം. വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 15-11-2021 | 26-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-11-2021 | 26-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഇ.വി.ഹരി,ഓഡീറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ,അസി.ഓഡീറ്റ് ഓഫീസർ
ശ്രീ.സുരേഷ് കുമാർ.എസ്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജയൻ.പി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ഷിബിൻ.കെ.എസ്,ഓഡീറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാകേഷ്.പി.ആർ | പ്രസിഡന്റ് | 01-04-2020 | 04-11-2020 |
| ശ്രീമതി.ആയിഷക്കുട്ടി.കെ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| ശ്രീ.സുരേഷ് കുമാർ.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രാജൻ.പി.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.അബ്ദുൾ ജലീൽ.പി.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സന്ദീപ്.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-06-2020 | 31-03-2021 |
| ഡോ.സഫീന മുസ്തഫ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ശ്രീമതി.ഫസ്ന പാറ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.സുമയ്യ ടി | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 09-02-2021 |
| ഡോ.സീമ സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 11-02-2020 | 31-03-2021 |
| ഡോ.മിനു ചാക്കോ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 21-01-2021 |
| ഡോ.വിവേക് ദേവൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 21-01-2021 | 31-03-2021 |
| ശ്രീ.ബെന്നി.കെ.ടി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.റെജിമോൾ | ഡയറി എക്സ്റ്റൻഷൻ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ.വിനു ചന്ദ്ര ബോസ് | കൃഷി ഓഫീസർ | 01-04-2020 | 14-09-2020 |
| ശ്രീമതി.അരണ്യ.വി.കെ | കൃഷി ഓഫീസർ | 14-09-2020 | 31-03-2021 |
| ഡോ.അബ്ദുൾ സലാം കെ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 15-10-2020 |
| ശ്രീമതി.ഫാത്തിമ ഷെറിൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 16-10-2020 | 06-02-2021 |
| ശ്രീ.മുഹമ്മദ് കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 08-02-2021 | 31-03-2021 |

# ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1 |
| 2 | ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-1 |
| 3 | ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-2 |
| 4 | ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-1-3 |
| 5 | വാർഷിക ധനകാര്യ പത്രിക<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-2 |
| 6 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-2-1 |
| 7 | സാമ്പത്തിക വിശകലനം<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-4 |
| 9 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-4-1 |
| 10 | പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം<br>Written By: SURESH KUMAR S (Senior Grade Auditor, On 29-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-6 |
| 12 | ക്ഷേമ പദ്ധതികൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-7 |
| 13 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-8 |
| 14 | ആഭ്യന്തരനിയന്ത്രണം<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-9 |
| 15 | രശീത് സൂക്ഷിപ്പിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-10 |
| 16 | സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി നിർണ്ണയത്തിൽ റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-11 |
| 17 | | 1-12 |

| | | |
|---|---|---|
| | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | |
| 18 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-13 |
| 19 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല<br>Written By: Shibin K S (Auditor, On 28-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-14 |
| 20 | മരുന്നുകൾ മുഴുവനായി ലഭ്യമായില്ല<br>Written By: Disha R.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-15 |
| 21 | സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-16 |
| 22 | ഘടക സ്ഥാപനങ്ങളിൽ സ്ഥാപിച്ച തുമ്പൂർമുഴി എയറോബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ ഉപയോഗിക്കുന്നില്ല - പാഴ് ചെലവ്<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-17 |
| 23 | പുഴയിൽ നിന്ന് അനിയന്ത്രിതമായി ചെളിയും മണലും വാരി - പാഴ് വേല<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-18 |
| 24 | എം.സി.എഫിൽ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം - പ്രവർത്തനം കാര്യക്ഷമമല്ല<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-19 |
| 25 | ഹോമിയോ ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുന്നതിന് പട്ടികജാതി ഉപപദ്ധതി ഫണ്ട് വകമാറ്റി ചെലവഴിച്ചു<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-20 |
| 26 | ഈ - ടെണ്ടർ ഫോം ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-21 |
| 27 | പൊതുമരാമത്ത് പ്രവൃത്തി രൂപീകരണ - നിർവ്വഹണഘട്ടങ്ങളിലെ അപാകതകൾ<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 1-22 |
| 28 | ബഡ്സ് സ്കളിൽ നിർമ്മിച്ച കരകൗശല പരിശീലന കേന്ദ്രം കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവൃത്തി നടത്തിയില്ല - നിഷ് ഫല ആസ്തിയായി നിലനിൽക്കുന്നു.<br>Written By: Jayan P (Senior Grade Auditor, On 27-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 1-23 |
| 29 | അഗതി രഹിത കേരളം പദ്ധതി - ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് | 1-24 |

| | | |
|---|---|---|
| | Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vasudevan M (Deputy Director, On 13-12-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: Vasudevan M (Deputy Director, On 13-12-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 30-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 30-11-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 30-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 30-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: SURESH KUMAR S (Senior Grade Auditor, On 30-11-2021)<br>Last Updated By: SURESH KUMAR S (Senior Grade Auditor, On 30-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 01-12-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 25-11-2021)<br>Last Updated By: Vasudevan M (Deputy Director, On 14-12-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

പുതുപ്പാടി ഗ്രാമപഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 03/03/2020 തീയതിയിലെ തീരുമാന നം. 1 പ്രകാരം കരട് ബജറ്റ് അംഗീകരിച്ച് സമർപ്പിക്കാൻ തീരുമാനിക്കുകയും 30.03.2020-ലെ ഭരണസമിതിയുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് മാറ്റങ്ങളൊന്നുമില്ലാതെ അംഗീകരിച്ചു. 19.02.2021 ലെ ഭരണസമിതി തീരുമാന നം. 2/02 പ്രകാരം 2020-21 വർഷത്തെ റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

### 1-1-1 ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

പഞ്ചായത്തിന്റെ 2020-21 വർഷത്തെ ബജറ്റ് പ്രകാരമുള്ളതും വാർഷിക ധനകാര്യപത്രിക പ്രകാരം യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം താഴെ ചേർക്കുന്നു :

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 28188122 | 37182708 | 8994586 | |
| വരവ് | 331246228 | 140615126 | | 190631102 |
| ആകെ | 359434350 | 177797834 | | 181636516 |
| ചെലവ് | 333131398 | 152322723 | | 180808675 |
| നീക്കിയിരിപ്പ് | 26302952 | 25475111 | | 827841 |

വർക്ക്ഷീറ്റുകളുടെ അഭാവത്തിൽ മേൽ വ്യതിയാനത്തിനുള്ള കാരണം വ്യക്തമാകുന്നില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

### 1-1-2 ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിച്ചില്ല

സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. ചില നടപടിക്രമങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നടപടിക്രമങ്ങൾ | സമയം | സ്ഥിതിവിവരം |
|---|---|---|
| വിവിധ സ്ഥാപന മേധാവി കളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർക്കേണ്ടത് | ഡിസംബർ 15-ന് മുൻപ് | പഞ്ചായത്ത് സെക്രട്ടറിയുടെ ക ത്ത് നം.എ-275/13.01.2020പ്രകാരം 20.01.2020-ന് യോഗം വിളിച്ചുകൂട്ടി |
| മേധാവികൾ പദ്ധതിയേതരസ്ഥാപന | ജനുവരി 15-ന് മുൻപ് | വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ (ഹോമിയോ), മെഡിക്കൽ ഓഫീസർ |

| | | |
|---|---|---|
| നിർദ്ദേശങ്ങൾ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടത് | | (ആയുർവ്വേദം), ഹെഡ് മാസ്റ്റർ, കൃഷി ഓഫീസർ എന്നിവർ നിർദ്ദേ ശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ചർച്ചചെയ്യേണ്ടത് | ജനവരി 22-ന് മുൻപ് | വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 20.01.2020നം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22.01.2020നം നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കാൻ തീരുമാനിച്ചു |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാർ ധനകാര്യ സ്റ്റാന്റിംഗ്സ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടത് | ഫെബ്രുവരി 1-ന് മുൻപ് | രേഖകളായി ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നടപടിക്രമങ്ങൾ പാലിച്ചോയെന്ന് ഉറപ്പാക്കാനായില്ല |
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതി-പദ്ധതിയേതര നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് കരട് ബജറ്റ് തയ്യാറാക്കേണ്ടത് | മാർച്ച് 1-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07.02.2020 തീയതിയിലെ തീരുമാന നം. 1(1)/20 പ്രകാരം കരട് ബജറ്റ് അംഗീകാരത്തിനായി സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. |
| കരട് ബജറ്റ് ചർച്ച ചെയ്യുന്ന തിനായി ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം പ്രസിഡന്റ് വിളിച്ചു ചേർക്കേണ്ടത് | മാർച്ച് 7-ന് മുൻപ് | 06.03.2020-ൽ പ്രത്യേക യോഗം ചേർന്ന് ചർച്ച ചെയ്തു. |
| ബഡ്ജറ്റ് അംഗീകരിക്കേണ്ടത് | മാർച്ച് 31-ന് മുൻപ് | 30.03.2020-ലെ ഭരണസമിതി യുടെ പ്രത്യേക യോഗത്തിലെ തീരുമാനം നമ്പർ 1 പ്രകാരം വാർഷിക ബജറ്റ് അംഗീകരിച്ചു. |

**<u>1-1-3 ബജറ്റ് അപൂർണ്ണമായി തയ്യാറാക്കി</u>**

ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് നോട്ട്, വർക്ക് ഷീറ്റുകൾ, ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. അതിനാൽ ബജറ്റ് പൂർണ്ണ രൂപത്തിലല്ല തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണാം.

**<u>1-2 വാർഷിക ധനകാര്യ പത്രിക</u>**

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 31.07.2021 |

**<u>1-2-1 വാർഷിക കണക്കിലെ അപാകതകൾ</u>**

1.ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചത് പ്രകാരം ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2.Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 171280/- രൂപ വരവ് വന്നിട്ടുണ്ട്. വരവ് തുകയുടെ ആധികാരികത പരിശോധിക്കുന്നതിനുള്ള രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3.വാർഷിക കണക്ക് ബി-14 ഷെഡ്യൂൾ പ്രകാരം സ്റ്റോർസ് നീക്കിയിരിപ്പ് തുക 27835/-രൂപയാണ്. എന്നാൽ മേൽ തുകയുടെ ആധികാരികത പരിശോധിക്കുന്നതിനാ വശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

4.സംയുക്ത പ്രോജക്ടുകൾക്കായുള്ള ബ്ലോക്ക്-ജില്ലാപഞ്ചായത്ത് വിഹിതങ്ങളിൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കും പ്രകാരം നീക്കിയിരിപ്പുണ്ട്. ഇവ പൂർണ്ണമായി ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

| ഇനം | തുക |
|---|---|
| Contribution For Joint Venture Projects(For Capital Expenditure) From Block Panchayath | 55436/- |
| Contribution For Joint Venture Projects(For Revenue Expenditure) From Block Panchayath | 3253918/- |
| Contribution For Joint Venture Projects(For Revenue Expenditure) From District Panchayath | 606945/- |

5.ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-17(എ) ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രിസിയേഷൻ നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടില്ല.

6.മിസലേനിയസ് ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇത് കാരണം RP-4 ൽ പെർമിറ്റ് ഫീ, ക്രമവത്കരണ ഫീ, ലൈസൻസ് ഫീ എന്നിവ ഒഴികെയുള്ളവയുടെ വിവരങ്ങൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

7.വാർഷിക കണക്കിലെ ബി-9 ഷെഡ്യൂൾ പ്രകാരം വിവിധ സർക്കാർ സ്ഥാപനങ്ങളി ലേയ്ക്ക് അടവാക്കേണ്ട ജി.എസ്.ടി, ഫ്ലഡ് സെസ്, ലൈബ്രറി സെസ് എന്നിവ ഉൾപ്പെടെ അടവാക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്.

8.വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

9. ഇൻകം & എക്സ്പെൻഡിച്ചർ പത്രിക ഐ-18 പ്രകാരം 29761/- രൂപ, 1211365/-രൂപ എന്നിവ Prior Period Item ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,71,82,708 |
| ഓഡിറ്റ് വർഷത്തെ വരവ് | 14,06,15,126 |
| ആകെ | 17,77,97,834 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 15,23,22,723 |
| നീക്കിയിരിപ്പ് | 2,54,75,111 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 23523996 | 23523996 | 23523996 | 0 |
| വികസന ഫണ്ട് എസ്.സി.പി | 0 | 10407973 | 10407973 | 10407973 | 0 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 1069286 | 1069286 | 1069286 | 0 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 0 | 18165784 | 18165784 | 18165784 | 0 |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | 0 | 6388700 | 6388700 | 6388700 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 0 | 17711444 | 17711444 | 17711444 | 0 |
| സാക്ഷരത | 139414 | 4239 | 143653 | 0 | 143653 |
| എംഎൻആർജിഎ (തൊഴിലാളികളുടെ കൂലി) | 0 | 34494542 | 34494542 | 34494542 | 0 |
| എംഎൻആർജിഎ (ഭരണ ചെലവുകൾ) | 262652 | 1910846 | 2173498 | 1887324 | 286174 |
| ഐ.സി.ഡി.എസ് | 1100415 | 1708283 | 2808698 | 1121250 | 1687448 |
| സാനിറ്റേഷൻ | 98543 | 0 | 98543 | 0 | 98543 |
| പശ്ചിമഘട്ട വികസന പദ്ധതി | 6426 | 196 | 6622 | 0 | 6622 |
| എം.പി ഫണ്ട് | 241305 | 7338 | 248643 | 0 | 248643 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2613687 | 4321763 | 6935450 | 1432372 | 5503078 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| കോർപ്പസ് ഫണ്ട് | 1950959 | 370000 | 2320959 | 147177 | 2173782 |
| ജലനിധി | 268998 | 3594085 | 3863083 | 3581850 | 281233 |

**1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ**

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി) ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 102273898 | 30723384 |
| വികസന ഫണ്ട് (എസ്.സി.പി) | 34377816 | 14317522 |
| വികസന ഫണ്ട് (ടി.എസ്.പി) | 2007953 | 1777953 |
| മെയിന്റനൻസ് | 8193538 | 8073538 |

| | | |
|---|---|---|
| ഫണ്ട് (നോൺ – റോഡ്) | 24104243 | 22704243 |

2) വികസനഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് നോൺ – റോഡ്, ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമു ള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 328 | 264 | -- | 64 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 328 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 264 പ്രൊജക്ടുകൾക്ക് സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 21,14,54,994/- രൂപ വകയിരുത്തിയതിൽ 12,25,69,148/- രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C. ഗ്രാന്റ് | 22225350 | 17711444 | 4513906 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 8073538 | 6388700 | 1684838 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 22704243 | 18165784 | 4538459 |
| വികസന ഫണ്ട് ജനറൽ | 30723384 | 26608125 | 4115259 |
| വികസന ഫണ്ട് – SCP | 14317522 | 10788679 | 3528843 |
| വികസന ഫണ്ട് – TSP | 1777953 | 1113247 | 664706 |
| ആകെ | 99821990 | 80775979 | 19046011 |

സാമ്പത്തിക വർഷത്തിൽ വിവിധ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 9,98,21,990/- രൂപയിൽ 8,07,75,979/- രൂപ വിനിയോഗിക്കാൻ പഞ്ചായത്തിന് കഴിഞ്ഞി ട്ടുണ്ടെങ്കിലും ലഭ്യമായ തുകയിൽ 1,90,46,011/- രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. എല്ലാ ഫണ്ടിനങ്ങളിലും പഞ്ചായത്തിന് ലഭ്യമായ മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയാതെ നഷ്ടപ്പെടുത്തിയിട്ടുണ്ട് എന്നത് പ്രത്യകം ശ്രദ്ധയിൽ കൊണ്ടുവരുന്നു. നിർവഹണ ഉദ്യോഗസ്ഥരിൽ അസിസ്റ്റന്റ എഞ്ചിനീയർ, സെക്രട്ടറി, വി.ഇ.ഒ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ പ്രൊജക്ടുകൾ ഭൂരിഭാഗവും നടപ്പിലാക്കിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ നടപ്പിലാക്കാനു ണ്ടായിരുന്ന 179 പ്രോജക്ടുകളിൽ 156 പ്രൊജക്ടുകൾക്കാണ് തുക വിനിയോഗിച്ചിരി ക്കു ന്നത്. വ്യക്തമായ ഒരു മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയല്ല അസിസ്റ്റൻറ് എഞ്ചിനീയർ മെയിന്റനൻസ് പ്രവൃത്തികൾ നടപ്പിലാക്കിയത് എന്ന് കാണാം. സെക്രട്ടറിക്ക് നടപ്പിലാക്കാനുണ്ടായിരുന്ന 62 പ്രവൃത്തികളിൽ 19 എണ്ണം നടപ്പിലാക്കിയിട്ടില്ല. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ 19 എണ്ണത്തിൽ 13 എണ്ണമാണ് നടപ്പിലാക്കിയത്. പ്രൊജക്ടുകൾക്ക് തുക വകയിരുത്തിയപ്പോൾ തനത്ഫണ്ടിന്റെ ലഭ്യത പരിഗണിക്കാതെ തനത് ഫണ്ട് വകയിരുത്തിയത് മൂലം മറ്റ് ഫണ്ടുകൾ വകമാറ്റപ്പെടുകയോ, അല്ലെങ്കിൽ തനത്ഫണ്ട് ചെലവഴിക്കപ്പെടാതെ പോകുന്ന അവസ്ഥയോ പഞ്ചായത്തിൽ നില നിൽക്കുന്നു.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥ രുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഒഴികെ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച് നിരന്തര വിലയിരുത്തൽ നടത്തി കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തുന്നുണ്ട്. പദ്ധതി രൂപീകരണ ശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും നടത്തുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ, പ്രൊജക്ട് ഫയൽ എന്നിവ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തികവർഷത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ചില വർക്കിംഗ് ഗ്രൂപ്പുകൾ നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടു കാണുന്നു. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്ന തോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തി വരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷത്തെ മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് പരിശോധിച്ചതിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ : 4143

ആകെ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ : 8131

100 ദിവസം തൊഴിൽ ചെയ്ത ഗുണഭോക്താക്കൾ : 655

2020-21 സാമ്പത്തിക വർഷത്തെ ആകെ ചെല : 55353938

ഇനം തിരിച്ചുള്ള ചെലവ് വിവരം

| | |
|---|---|
| അവിദഗ്ധ വേതനം | 32025892 |
| വിദഗ്ധ വേതനം | 2468650 |

| | |
|---|---|
| മെറ്റീരിയൽ തുക | 18773072 |
| ഭരണ ചെലവ് | 2086324 |
| നികുതി | |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 262652 | 2109846 | 2372498 | 2086324 | 286174 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 32025892 | 32025892 | 32025892 | - |

ഭരണസമിതിയുടെ 25/05/19, 19/06/19, 30/07/19, 23/09/19, 19/09/19, 22/10/19, 07/11/19, 11/12/19, 17/01/20, 03/02/20, 13/03/20 തിയ്യതികളിലെ 4(3)/19, 4(1)/19, 20(9)/19, 2(3)/19, 1/19, 4(2)/19, 2(1)/19, 32(4)/19, 14/20, 5(1)/20, 4/20 നമ്പർ തീരുമാനങ്ങൾ പ്രകാരം 551 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ തൻവർഷം 156 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പ്രവൃത്തികൾ | എണ്ണം |
|---|---|
| ഭവനം | 17 |
| കിണർ | 5 |
| തൊഴുത്ത് | 10 |
| ടോയ് ലറ്റ് | 0 |
| കോഴിക്കൂട് | 8 |
| വൃക്ഷത്തൈനടൽ | 0 |
| പുഴ നവീകരണം | 0 |
| മണ്ണ് ജല സംരക്ഷണം | 62 |
| റോഡ്/പൊതു ആസ്തി നിർമ്മാണം | 54 |

## 1-7 ക്ഷേമ പദ്ധതികൾ

പഞ്ചായത്തിൽ നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽ രഹിത വേതനം | -- | -- |
| കർഷകതൊഴിലാളി പെൻഷൻ | 9967900 | 779 |
| വിധവാ പെൻഷൻ | 29007300 | 2002 |
| വാർദ്ധക്യകാല പെൻഷൻ | 31346300 | 2478 |
| വികലാംഗ പെൻഷൻ | 6990000 | 500 |
| 50 വയസ്സ കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 343400 | 22 |
| വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-11-2021 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗ സ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 68,603/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ് . വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. സാമ്പത്തിക വർഷത്തിൽ 6 സ്റ്റാഫ് മീറ്റിംഗുകൾ മാത്രമാണ് വിളിച്ചുചേർത്തിരിക്കുന്നത്. ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. അറ്റന്റൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. അറ്റന്റൻസ് രജിസ്റ്ററിൽ പലസ്ഥലത്തും ജീവനക്കാരുടെ ഒപ്പുരേഖപ്പെടുത്തുകയോ, അനുവദനീയമായ അവധി മാർക്ക് ചെയ്യുകയോ ചെയ്യാതെ ഒഴിച്ചിട്ടിരിക്കുന്നതായി കാണുന്നു. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നുവെന്ന് മേലുദ്യോഗസ്ഥർ ഉറപ്പുവരുത്തിയിട്ടുണ്ട്. കാഷ്ബുക്ക് ഡേബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല.

ആസ്തി രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈകൊണ്ടു കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേ തരവരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് നികുതി , നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്ന ണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ

അപര്യാപ്തതമൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ടജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടുചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർ നടപടി ഇല്ലാതിരിക്കുകയും, ആയതുകൊണ്ടുതന്നെ പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾപാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് പ്രപ്പോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ കൃത്യമായി സൂക്ഷിച്ചു കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## <u>1-10 രശീത് സൂക്ഷിപ്പിലെ അപാകതകൾ</u>

പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ഡേ ബുക്ക്, സാംഖ്യ രസീതുകൾ എന്നിവയുടെ പരിശോധനയിൽ ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടു. താഴെപ്പറയുന്ന ദിവസങ്ങളിലെ ക്യാൻസൽ ചെയ്ത രസീതുകളുടെ റിപ്പോർട്ട് പരിശോധനയിൽ ലഭിച്ചില്ല.

| തീയതി | സാംഖ്യ രസീത് നം. | സ്റ്റേഷനറി നം. |
|---|---|---|
| 05.06.2020 | 120040100294 | 8892024 |
| 10.07.2020 | 120040100772 | 8892522 |
| 20.08.2020 | 120040101150 | 8892916 |
| 21.08.2020 | 120040101175 | 8892944 |
| 24.08.2020 | 120040101195 | 8892965 |
| 29.09.2020 | 120040101790 | 8893640 |
| 16.11.2020 | 120040102447 | 8894307 |
| 12.01.2021 | 120040103504 | 8895388 |
| 17.02.2021 | 120040104724 | 8896670 |

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ മാന്വൽ രശീതി പുസ്തകങ്ങൾ പരിശോധിച്ച തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| രശീതി ബുക്ക് നമ്പർ | അപാകത |
|---|---|
| 3297 | രശീതി നം. 90 ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും കാരണം വ്യക്തമാക്കി സെക്രട്ടറി സാക്ഷ്യപ്പെട്ട |

| | |
|---|---|
| | ത്തിയിട്ടില്ല. |
| 3289 | രശീത് ബുക്കിന്റെ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷ്യപ്പെടുത്താതെയാണ് കളക്ഷന് നൽകിയിരിക്കുന്നത്. |

ഡേ ബുക്കിനോടൊപ്പം അതാത് ദിവസത്തെ ക്യാൻസൽഡ് രസീറ്റ് റിപ്പോർട്ടുകൾ പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റും സെക്രട്ടറിയും ഉറപ്പുവരുത്തേണ്ടതാണ്. ഉപയോഗിക്കാത്ത രശീതികൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**1-11 സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി നിർണ്ണയത്തിൽ റോഡുകൾ തെരെഞ്ഞെടുക്കാൻ കഴിയുന്നില്ല**

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ച് നടത്തി വരുന്ന വസ്തുനികുതി നിർണ്ണയത്തിൽ അപാകതയ്ക്ക് സാധ്യതയുണ്ടെന്ന് നികുതി നിർണ്ണ യ നടപടിക്രമം പരിശോധിച്ചതിൽ ബോധ്യപ്പെട്ടിട്ടുണ്ട്. സോഫ്റ്റ് വെയറിൽ സ്ഥാപന ത്തിലെ 237 റോഡുകളുടെ പേരു വിവരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നികുതി നിർണ്ണയിക്കുമ്പോൾ ഓരോ വാർഡിലേയും റോഡുകളുടെ പേരുകൾ ഫീൽഡിൽ ഓപ്ഷനായി വരുന്നില്ല. ചില വാർഡുകളുടെ കാര്യത്തിൽ ഒറ്റ റോഡും വരാതിരിക്കുമ്പോൾ ചില വാർഡുകളുടെ കാര്യത്തിൽ ഒന്നോ രണ്ടോ റോഡ് മാത്രം ഓപ്ഷനായി വരുന്നു. ഇത്തരം സാഹചര്യത്തി ൽ നികുതി നിർണ്ണയം നടത്തുന്ന ക്ലാർക്കുമാർ 'മറ്റുള്ളവ' എന്ന് ഓപ്ഷൻ തെരെഞ്ഞെടുക്കു കയും അവിടെ റോഡിന്റെ പേര് മാന്വലായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരം മാന്വൽ ഇൻപുട്ടാണ് 90% നികുതി നിർണ്ണയത്തിലും നടക്കുന്നത്. ഇതിനു താഴെയായി വരുന്ന റോഡിന്റെ തരം എന്ന ഫീൽഡിൽ നാലു ഓപ്ഷനുകൾ വരുന്നുണ്ട്. വീതി അഞ്ച് മീറ്ററിന് മുകളിൽ, ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ, ഒന്നര മീറ്ററിൽ കുറവ്, പൊതുവഴി ഇല്ലാത്തത് എന്നിവയാണ് ഈ ഓപ്ഷനുകൾ. നികുതി നിർണ്ണയം നടത്തുന്ന ജീവനക്കാർ, ആദ്യ ഫീൽഡിൽ രേഖപ്പെടുത്തിയ റോഡ്, മേല്പറഞ്ഞതിൽ ഏതു തരമാണെന്ന് ഒന്നുകിൽ സ്വയം തീരുമാനിക്കുകയോ, അല്ലെങ്കിൽ സമർപ്പിച്ച സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയ വീതി സ്വീകരിക്കുകയോ ആണ് ചെയ്യുന്നത്. മിക്ക റോഡുകളും ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ എന്ന ഓപ്ഷനാണ് തെരെഞ്ഞെടുക്കപ്പെടുന്നതെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. റോഡിന്റെ യഥാർത്ഥ വീതി, നീളം എന്നിവ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയതായിരിക്കും എന്നത് ഇവിടെ പ്രസക്തമാണ്. ഇപ്രകാരം റോഡിന്റെ തരം നിശ്ചയിക്കുന്നത് സ്ഥാപനത്തിന് വൻ നികുതി നഷ്ടം വർഷാവർഷം സംഭവിക്കുന്നതിന് കാരണമാകുന്നുണ്ടെന്ന് കാണാം. 2011 – ലെ കേ. പ. രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങൾ, ചട്ടം 6, പട്ടിക 2 പ്രകാരം അഞ്ച് മീറ്ററിൽ കൂടിയ റോഡുകളിൽ നിന്ന് പ്രവേശനമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന നികുതിക്ക് മേൽ 20 ശതമാനത്തിന്റെ വർദ്ധന ഉണ്ടാകും എന്നാതാണ് ഇതിന് കാരണം. കൂടാതെ ഒന്നര മീറ്ററിൽ കുറവുള്ള റോഡുകൾ, പൊതുവഴിയില്ലാത്തവ എന്നിവ പ്രസക്തമാകുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന നികുതിയിൽ നിന്നും യഥാക്രമം 10 ശതമാനത്തിന്റേയും 20 ശതമാനത്തിന്റേയും കുറവ് വരുന്നുമുണ്ട്. യഥാർത്ഥത്തിൽ സ്വീകരിക്കേണ്ട അഞ്ച് മീറ്ററിൽ കൂടതലുള്ള റോഡുകൾക്ക് പകരം, അതിൽ താഴെയുള്ള ഇനങ്ങൾ തെരെഞ്ഞെടുക്കുമ്പോൾ 20 ശതമാനത്തോളം നികുതി നഷ്ടം സംഭവിക്കുന്നതായി കാണാം. നികുതി നിർണ്ണയത്തെ സമൂലമായി ബാധിക്കു ന്നതും സ്ഥാപനത്തിന് നഷ്ടം വരുത്തുന്നതുമായ സാങ്കേതിക പ്രശ്നം ജീവനക്കാരുടേയോ, മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയോ ശ്രദ്ധയിൽ പെടാത്തത് ഗുരുതരമായ വീഴ്ച യാണ്.

**റോഡുകൾ എണ്ണം,തരം – സഞ്ചയ സോഫ്റ്റ് വെയർ, ആസ്തി രജിസ്റ്റർ കണക്കുകളിൽ വ്യത്യാസം**

സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ എണ്ണം 237 ആണ്. സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പ്രകാരം 683 റോഡുകൾ സ്ഥാപനത്തിലുണ്ട്. കൂടാതെ ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ, സ്റ്റേറ്റ്, സെൻട്രൽ എന്നീ സ്ഥാപനങ്ങളുടെ അധീനതയിലു ള്ള റോഡുകളും നിലവിലുള്ളതായി കാണാം.

| റോഡുകൾ എണ്ണം,തരം | ആസ്തി രജിസ്റ്റർ പ്രകാരം | സഞ്ചയസോഫ്റ്റ് വെയർ പ്രകാരം |
|---|---|---|
| ആകെ റോഡുകളുടെ എണ്ണം | 683 | 237 |
| വീതി അഞ്ച് മീറ്ററിന് മുകളിൽ | 51 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |
| വീതി ഒന്നര മീറ്ററിനും അഞ്ച് മീറ്ററിനും ഇടയിൽ | 506 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |
| വീതി ഒന്നര മീറ്ററിൽ കുറവ് | 126 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |
| നീളം 1 കിലോ മീറ്ററിൽ കൂടുതൽ | 88 | പ്രത്യേകം രേഖപ്പെടുത്തിയിട്ടില്ല |

ഇക്കാര്യങ്ങൾ പരിഗണിക്കുമ്പോൾ സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ റോഡുകളുടെ വിവരം കൃത്യമല്ലെന്ന് കാണാം.

മേല്പറഞ്ഞതിൽ നിന്നും നാളിതുവരെ വൻനികുതി നഷ്ടം സംഭവിച്ചിരിക്കാനുള്ള സാധ്യത വെളിവാകുന്നുണ്ട്. ആകയാൽ സോഫ്റ്റ് വെയറിൽ ഉള്ള സാങ്കേതികമായ പ്രശ്നങ്ങൾ അടിയന്തിരമായി പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. കൂടാതെ, 2011ലെ ചട്ടങ്ങൾക്ക് ശേഷം നികുതി നിർണ്ണയിച്ച പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം എല്ലാം തന്നെ പുന:പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇക്കാര്യത്തിലുള്ള പുരോഗതി, വീഴ്ചയ്ക്കുള്ള വിശദീകരണം സഹിതം ഓഡിറ്റിന് നല്കേണ്ടതാണ്.

**1-12 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഇതേ ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തു ന്നവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തുനികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിൽ വസ്തുനികുതി നിർണ്ണയം പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് ഗ്രാമപഞ്ചായത്ത് നികുതി നിശ്ചയിച്ചിരിക്കുന്നത്.

എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ പൂർണ്ണ മായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണ്ണയിച്ചിരിക്ക ന്നത്.

1)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 8/301 A | ശ്രീ. ഇബ്രാഹിം ഹാജി, മന്ദത്ത്, കിഴക്കോത്ത് | 65.46 $M^2$, താഴത്തെ നില വാണിജ്യം | 3143 + 158 (5% LC) = 3301 |
| 8/301 B | | 65.46 $M^2$, താഴത്തെ നില വാണിജ്യം | 3143 + 158 (5% LC) = 3301 |
| 8/301 C | | 65.46 $M^2$, താഴത്തെ നില വാണിജ്യം | 3143 + 158 (5% LC) = 3301 |
| | ആകെ | 196.38 $M^2$ | 9429 + 474 (5% LC) = 9903 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ
ആകെ തറവിസ്തീർണ്ണം - 196.38 ച. മീ
196.38 X 50 = 9819 + (20% വഴിസൗകര്യം വർദ്ധനവ്)
= 11783 + 590 (5% LC) = 12,373
ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 12,373
ഈടാക്കിയ നികുതി - 9,903
നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (11,783 + 590 ) - (9,429 + 474)
2,354 + 116 (5% LC) = 2,470

2)

| കെട്ടിട നം | പേര്, വിലാസം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം, തരം | ഗ്രാമപഞ്ചായത്ത് 40 രൂപ നിരക്കിൽ നിർണ്ണയിച്ച വസ്തു നികുതി(വർദ്ധനവ് - 20% വഴി സൗകര്യം) |
|---|---|---|---|
| 17/283 A | ശ്രീ. ഉസ്മാൻ. കെ. കെ, കപ്പലാംകുഴിയിൽ, | 14 $M^2$ , താഴത്തെ നില വാണിജ്യം | 672 + 34 (5% LC) = 706 |

| | | | |
|---|---|---|---|
| 17/283 B | ഈരാറ്റുപേട്ട ഈങ്ങാപ്പുഴ | 13 $M^2$ , താഴത്തെ നില വാണിജ്യം | 624 + 32 (5% LC) = 656 |
| 17/283 C | | 74 $M^2$ , താഴത്തെ നില വാണിജ്യം | 3552 + 178 (5% LC) = 3730 |
| 17/283 D | | 55 $M^2$ , താഴത്തെ നില വാണിജ്യം | 2640 + 132 (5% LC) = 2772 |
| 17/283 E | | 58 $M^2$ , താഴത്തെ നില വാണിജ്യം | 2784 + 140 (5% LC) = 2924 |
| 17/283 F | | 43 $M^2$ , താഴത്തെ നില വാണിജ്യം | 941 + 48 (5% LC) = 989 |
| 17/283 G | | 13.58 $M^2$ , താഴത്തെ നില വാണിജ്യം | 652 + 33 (5% LC) = 13,641 |
| | ആകെ | 270.58 $M^2$ | 12,988 + 653 (5% LC) = 13,641 |

കെട്ടിടത്തിന് നിർണ്ണയിക്കേണ്ട നികുതി നിരക്ക് 50/- രൂപ
ആകെ തറവിസ്തീർണ്ണം- 270.58 ച. മീ
270.58 X 50 = 13,529 + (20% വഴിസൗകര്യം വർദ്ധനവ്)
= 16,235 + 812 (5% LC) = 17,047
ആകെ തറവിസ്തീർണ്ണത്തന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട നികുതി - 17,047
ഈടാക്കിയ നികുതി - 13,641
നിർണ്ണയിച്ച നികുതികൾ തമ്മിലുള്ള വ്യത്യാസം (16,235+ 812) – (12,988 + 653)
3,247 + 159 (5% LC) = 3,406

വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന റൂമുകളെല്ലാം ചേർത്ത് ഒറ്റ കെട്ടിടമായി പരിഗണിച്ച് നികുതി ഈടാക്കാതെ മേൽ വിവരിച്ച പ്രകാരം നികുതി നിർണ്ണയിച്ചതിലൂടെ നികുതി ഇനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗമെന്ന നിലയിൽ കെട്ടിട നികുതി കണക്കാക്കുന്നതിൽ അപാകതകൾ ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന മേൽ പരാമർശിച്ച കെട്ടിടങ്ങളു ടെ നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ പുനർനിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകതകൾ

### I) അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 204, 205 വകുപ്പുകളിലേയും 1996 – ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽനികുതി

നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും നൽകാത്ത സ്ഥാപനങ്ങളുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1) ഡിവൈൻ കണ്ണാശുപത്രി

2) ഗാർമി ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്

3) ആൽഫ എഞ്ചിനിയറിംഗ് & ട്രേഡിംഗ്

4) ലിറ്റിൽ ഫ്ലവർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസസ് & ഹെൽത്ത്

5) സിനർജിയ ഫുഡ് പ്രൊഡക്ട്സ് യൂണിറ്റ്

6) നാപ് ലാറ്റക്സ്

**<u>(ii)മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. 2020-21 സാമ്പത്തിക വർഷം പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ശ്രീ. അബ്ദുൾ സലീം. എം, മൂലയിൽ, കൈതപ്പൊയിൽ
2) ശ്രീ. റഷീദ്. പി, പൂക്കുന്നേൽ, പെരുമ്പള്ളി
3) ശ്രീ. മനോജ്. എം. ജെ, മുളകുന്നത്ത്, കൈതപ്പൊയിൽ
4) ശ്രീ. സജി ജോസ്, തുരുത്തേൽ, മേമുട്ടി, കോടഞ്ചേരി
5) ശ്രീ. അദായി. കെ. വി, കർത്തനിക്കാട്ട്, മൈകാവ്(പി. ഒ), താമരശ്ശേരി
6) ശ്രീ. മുഹമ്മദ് ഇർഷാദ്, ചേറൂർ, കാസർകോഡ്
7) ശ്രീ. അബ്ദുൾ ബാസിത്. കെ, കുളിരവയൽ, വലിയപറമ്പ
8) ശ്രീ. മൊയ്തീൻ. പി. സി, പന്നിവെട്ടുംചാലിൽ, ചെമ്പുകടവ്
9) ശ്രീ. അനിൽകുമാർ. എം, മേലേ എരഞ്ഞോത്ത്, കുന്നമംഗലം
10) ശ്രീ. എം. കോയ, കയ്യേലിക്കുന്ന്, താമരശ്ശേരി
11) ശ്രീ. ബിജു. വി. പി, തക്ഷശില, പാവങ്ങാട്
12) ശ്രീ. ഷാജി ജോർജ്, വള്ളിക്കാട്ടിൽ, കക്കാട് (പി. ഒ)
13) ശ്രീ. നൗഷാദ്. പി. സി, പെരുനിലത്ത്, പുതുപ്പാടി
14) ശ്രീ. റെജി. സി. ജെ, ചാഞ്ഞപ്ലാക്കൽ, മൈകാവ്
15) ശ്രീ. ജേക്കബ്. എം. സി, മൂന്നംപ്ലാക്കൽ, മൈലെല്ലാംപാറ

**iii) <u>തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല</u>**

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം | വാർഡ് / കെട്ടിട നം | ലൈസൻസ് അപേക്ഷന്റെ പേര് | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 19/581 B | ശ്രീ. അബ്ദുൾ ഹമീദ് | വിറ്റാമിൻ ബിബിക്യൂ കോർണർ | 8 |
| 2 | 9/295,296,297 | ശ്രീ. ഷംസുദ്ദീൻ. എൻ. കെ | വി.കെ ജെന്റ്സ് & ബോയ്സ് | 2 |
| 3 | 17/798 | ശ്രീമതി. ഷീജ. എൻ. സി | റോസ് ടൈലറിംഗ് | 2 |
| 4 | 17/657 B-M | ശ്രീ. ഹിദായത്തുള്ള.എം | നഹ്ദി കുഴിമന്തി | 10 |
| 5 | 18/1272 | ശ്രീ. ബിനീഷ് രാമൻ | പുതുപ്പാടി HP ഗ്യാസ് സർവീസസ് | 2 |
| 6 | 18/1484 G,H | ശ്രീ. സിറിയക് ഫിലിപ്പ് | ന്യൂ ലൈഫ് ഡെന്റൽ ക്ലിനിക് | 2 |
| 7 | 18/954 | ശ്രീ. അഷ്റഫ്. എം. കെ | ഈങ്ങാപ്പുഴ മെഡിക്കൽസ് | 2 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന ഉടമകൾ പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കി ൽ ജീവനക്കാരന്റെ പേര്, അർദ്ധവാർഷിക വരുമാനം, ഈടാക്കിയ നികുതി, രസീത് നമ്പർ, തീയതി സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം. 14/20-21 തീ. 26.11.2021) മറുപടി ലഭ്യമായിട്ടില്ല.

## 1-14 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരികൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ - ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനി ക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്ന തും, അല്ലാത്തപക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തിയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാ ണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തിയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2020-21 വർഷത്തിൽ പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 603 സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷി ച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപന ങ്ങൾ എല്ലാം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2020 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. ഇവയിൽ 47 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ്

പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്.

സഞ്ചയ അസസ്മെന്റ്, ഡിമാന്റ് എന്നിവ പ്രകാരം ഓഡിറ്റ് വർഷത്തിൽ 4,156 കെട്ടിടങ്ങൾ വാണിജ്യപരമായ ആവശ്യങ്ങൾക്ക് നികുതി നിർണ്ണയിക്കപ്പെട്ടവയാണ്. 2020-21 വർഷത്തിൽ **പുതുപ്പാടി** ഗ്രാമപഞ്ചായത്തിൽ വേക്കൻസി റെമിഷൻ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 57 ആണ്. അതായത് 4,099 കെട്ടിടങ്ങൾ നിലവിൽ ഉപയോഗ പ്പെടുത്തുന്നുണ്ടെന്ന് കാണാം. ഓഡിറ്റ് വർഷത്തെ എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് രജിസ്റ്റർ പ്രകാരം 603 സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായ ത്തിൽ നിന്ന് ലഭിച്ച കണക്കുകൾ പ്രകാരം ആകെ അനുവദിക്കപ്പെട്ട എഫ്.ടി.ഇ & ഒ.എസ് ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം 1,044 ആണ്. അതായത് നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി ഈ കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന കാര്യം വ്യക്തമാണ്. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന അവസ്ഥ യാണ് ഉള്ളത്. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ബാക്കി സ്ഥാപനങ്ങളെ വാർഡ് തലത്തിൽ പരിശോധന നടത്തി കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണെന്ന് 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും ഈ വിഷയത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സ്ഥാപന ത്തിന് കഴിഞ്ഞിട്ടില്ല.

എഫ്.ടി.ഇ & ഒ.എസ് ലൈസൻസ് അപേക്ഷകളിൽ മുഴുവൻ വിവരങ്ങളും അപേക്ഷകൻ രേഖപ്പെടുത്തുന്നില്ല. അപേക്ഷകളിൽ ആവശ്യമായ ഫീൽഡ് അന്വേഷ ണം നടത്തിയതിന് ശേഷമാണ് ലൈസൻസ് അനുവദിക്കുന്നതെന്നും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ഉറപ്പു വരുത്തേണ്ടതാണ്. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/20-21 തീ. 26.11.2021) മറുപടി ലഭ്യമായിട്ടില്ല.

## 1-15 മരുന്നുകൾ മുഴുവനായി ലഭ്യമായില്ല

പ്രോജക്ട്നം : 60/20-21, 61/20-21

അടങ്കൽ : 4,00,000/- രൂപ – മെ. ഫണ്ട് (നോൺ റോഡ്)

ചെലവ് : 4,00,000/- രൂപ

ബിൽനം : 1/20-21/23-12-20/2,00,000 രൂപ –
കാക്കവയൽ ഹോമിയോഡിസ്പെൻസറി
2/20-21/23-12-20/2,00,000 രൂപ – പുഴംകുന്ന് എസ്സ്. സി ഡിസ്പെൻസറി

മേൽ സൂചിപ്പിച്ച പ്രോജക്ടുകൾ പ്രകാരം കാക്കവയൽ ഹോമിയോ ഡിസ്പെൻസറി, പുഴംകുന്ന് എസ്സ്. സി ഡിസ്പെൻസറി എന്നീ രണ്ട് ഡിസ്പെൻസറികളിലേയ്ക്ക് മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്നതിനായി ഹോംകോയിലേയ്ക്ക് 4,00,000/- രൂപ കൈമാറിയിട്ടുണ്ട്. ഇതിൽ കാക്കവയൽ ഹോമിയോ ഡിസ്പെൻസറിയിൽ ഇൻവോയിസ് നം. എൽ .എഫ്. 1412/24.10.21 പ്രകാരം 1,11,540/ രൂപ യുടെ മരുന്നുകൾ മാത്രമാണ് ഓഡിറ്റ് തിയ്യതി വരെ ലഭ്യമായത്. പ്രോജക്ട് പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. 288460 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-16 സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നില്ല

പുതുപ്പാടി ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21 വർഷങ്ങളിലെ വി.ഇ.ഒ യുടെ പ്രോജക്ടുകൾ പരിശോധിച്ചതിൽ സ്വയംതൊഴിൽ സംരംഭങ്ങൾ നടപ്പിലാക്കുന്നതിൽ വിജയിക്കുന്നില്ല എന്ന് കാണുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട്. നം | പദ്ധതിയുടെ പേര് | അടങ്കൽ |
|---|---|---|---|

| | | | |
|---|---|---|---|
| നം. | | | |
| 1 | 97/19-20 | പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം | 3,60,000 |
| 3 | 325/19-20 | സംരംഭക ക്ലബ് | 25,000 |
| 4 | 165/20-21 | വനിതാ സംരംഭകത്വം (തുണിസഞ്ചി നിർമ്മാണം) | 5,00,000 |
| 5 | 164/20-21 | വനിതാ സംരംഭകത്വം (കറിപൗഡർ നിർമ്മാണം | 4,50,000 |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി ) മറുപടി ലഭ്യമാക്കിയിട്ടില്ല. ദാരിദ്ര്യലഘൂകരണം, വനിതാ ശാക്തീകരണം എന്നിവ ലക്ഷ്യമാക്കി ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-17 ഘടക സ്ഥാപനങ്ങളിൽ സ്ഥാപിച്ച തുമ്പൂർമുഴി എയറോബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ ഉപയോഗിക്കുന്നില്ല - പാഴ് ചെലവ്**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഘടക സ്ഥാപനങ്ങളിൽ സ്ഥാപിച്ച തുമ്പൂർമുഴി എയറോബിൻ കമ്പോസ്റ്റ് യൂണിറ്റ് നിർമ്മാണം (പ്രോജക്ട് നം. 155/2020-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. മനോജ്. എം. ജെ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ അവാർഡ് – 8,00,000/-<br>ആകെ – 8,00,000/- |
| ചെലവ് | 6,93,836/-<br>ബിൽ നം. 1) 201701520/08.01.2021/ 6,93,836/- |
| എം.ബുക്ക് നം | 392/2019-20,405/2019-20,407/2019-20,381/ 201-20,383/2019-20,338/2019-20 |
| കരാർ | 58/2019-20/01.10.2020 |

മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഹരിത കേരള മിഷനിൽ ഉൾപ്പെടുത്തി കൊണ്ടുള്ള സമ്പൂർണ്ണ ശുചിത്വ – മാലിന്യ സംസ്കരണ കർമ്മ പരിപാടിക്ക് സ.ഉ(കൈ)നം.159/2016/ തസ്വഭവ തീയതി 06.11.2016 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെ തുടർന്ന്, പൗരൻമാർക്ക് മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, സങ്കീർണ്ണമായ മാലിന്യ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനു മുള്ള സഹായം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുക, ശാസ്ത്രീയമാലിന്യ പരിപാലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കൊണ്ട് സ.ഉ(സാധാ)2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം ശുചിത്വ – മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

പഞ്ചായത്തിലെ മലപ്പുറം എൽ. പി. സ്കൂൾ, ബഡ്സ് സ്കൂൾ, മൃഗാശുപത്രി, കുടുംബാരോഗ്യ കേന്ദ്രം എന്നിവിടങ്ങളിൽ മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തുമ്പൂർമുഴി എയറോബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി യിൽ വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയിൽ 6,93,896/- രൂപ ചെലവഴിച്ച് മേൽപ്പറഞ്ഞ ഇടങ്ങളിൽ കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയൊന്നും ഉപയോഗിക്കുന്നില്ലാ യെന്ന് പഞ്ചായത്ത് അധികൃതരൊടൊപ്പം 23.11.2021 - ന് നടത്തിയ സ്ഥലപരിശോധന യിൽ കാണുകയുണ്ടായി. മാലിന്യ സംസ്കരണത്തിന് വേണ്ടി ലക്ഷകണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച തുമ്പൂർമുഴി എയറോബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ ഉപയോഗിക്കാതെ ഇട്ടിരിക്കുന്നത് പദ്ധതി പണത്തിന്റെ ദുർവ്യയമാണ്. ആവശ്യകത പരിശോധിക്കാതെ യാണ് ഇവ മേൽ പരാമർശിച്ച ഘടക സ്ഥാപനങ്ങളിൽ സ്ഥാപിച്ചതെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം. 03/ 2020-21 തീയതി 26.11.2021 ) മറുപടി ലഭ്യമാക്കിയില്ല. തുമ്പൂർമുഴി എയറോബിൻ കമ്പോസ്റ്റ് യൂണിറ്റുകൾ ഉപയോഗിക്കുന്നതിനും യഥാവിധി പരിപാലിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകി ആസ്തി ഉപയോഗപ്പെടു ത്തി പ്രവർത്തനക്ഷമമാക്കി റിപ്പോർട്ട് നൽകേണ്ടതാണ്. അതുവരെ പദ്ധതിയിൽ ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

**<u>1-18 പുഴയിൽ നിന്ന് അനിയന്ത്രിതമായി ചെളിയും മണലും വാരി - പാഴ് വേല</u>**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുഴ സംരക്ഷണം സിൽറ്റ് നീക്കം ചെയ്യൽ – (പ്രോജക്ട് നം. 149/2020-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. ഷാനവാസ് |
| അടങ്കൽ തുക | വികസന ഫണ്ട് (ജനറൽ)<br>3,00,000/-<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) - 35,02,400/-<br>തനത് ഫണ്ട് - 1,48,838/-<br>ആകെ – 39,51,238/- |
| ചെലവ് | ബിൽ നം. 1)201701522015700578671/01.10.2020/ 19,24,000/-<br>2) ചെക്ക് നം. 258289 /28.12.2020/1,48,838/-<br>3) 20170152015700717694/10.11.2020/68,400/-<br>4) 20170152015700717692/10.11.2020/15,10,000/-<br>5) 20170152015700717689/10.11.2020/300000/-<br>ആകെ – 39,51,238/- |
| എം.ബുക്ക് നം | 463/2019-20 |
| കരാർ | 06/2020-21/03.06.2020 |

ആറ്റ് മണൽ കുഴിച്ചു വാരുന്നതിൽ നിന്നും നദീതീരങ്ങളെയും നദിയുടെ അടിത്തട്ടിനെ യും സംരക്ഷിക്കുന്നതിനും അവയുടെ ജൈവ – ഭൗതിക പരിസ്ഥിതി സംരക്ഷിക്കുന്നതിനും ആറ്റുമണൽ നീക്കം ചെയ്യുന്നതും അതുമായി ബന്ധപ്പെട്ടതോ ആനുഷാംഗികമായതോ ആയ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ടിയാണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് – ഉം തുടർ ന്ന് 2002 – ൽ ഇതു സംബന്ധിച്ച ചട്ടവും നിലവിൽ വന്നത്. ഈ നിയമത്തിലെ 9(ബി) വകുപ്പ് പ്രകാരം ഒരു കടവിൽ നിന്നോ നദീതീരത്തു നിന്നോ വാരാവുന്ന

മണലിന്റെ അളവ് നിശ്ചയിക്കേണ്ടത് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലെപ്പ്മെന്റ് ആൻറ് മാനേജ്മെന്റ് തുടങ്ങിയ വിദഗ്ധ സമിതികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാകേണ്ടതാണ്. 2002 - ലെ മേൽ ചട്ടത്തിലെ 30 ാം ചട്ട പ്രകാരം സർക്കാർ ഓരോ മൂന്ന് വർഷം കൂടുമ്പോഴും ഓരോ ജില്ലയിലുള്ള നദികളുടെ സംരക്ഷണം ഉറപ്പ വരുത്തുന്നതിലേക്കും ലഭ്യമായ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിലേക്കും സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡവലെപ്പ്മെന്റ് ആൻറ് മാനേജ്മെന്റ് തുടങ്ങിയ വിദഗ്ധ സമിതികളെക്കൊണ്ട് മണൽ ഓഡിറ്റ് നടത്തേണ്ടതാണ്.

സർക്കാർ ഉത്തരവ് നം.(സാധാ)3880/19/RD തിയ്യതി 24.12.2019 പ്രകാരം **ചാലിയാർ** പുഴയിൽ മുൻ വർഷങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ പുഴകളിലെ ഒഴുക്ക തടസ്സപ്പെടുത്തുന്ന തിനാൽ പ്രളയത്തിന് സാധ്യത വിലയിരുത്തി ആയത് നീക്കം ചെയ്യുന്നതിന് ദുരന്ത നിവാരണ നിയമപ്രകാരം ബഹു. ജില്ലാ കലക്ടർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. 28.05.2020 ലെ DM/7939/2019-F2 നമ്പർ ഉത്തരവ് പ്രകാരം **ഗ്രാമപഞ്ചായത്തിനെ** ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ CWRDM പുറപ്പെടുവിച്ച 03.03.2020ലെ CWRDM/SAND/ 2020 നമ്പറിലുള്ള പഠന റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തി ലെ പുഴകളിലെ കണ്ണപ്പൻകുണ്ട്, പൊട്ടിക്കൈ ഭാഗങ്ങളിൽ പാറകഷണങ്ങളും മറ്റും അടിഞ്ഞു കൂടിയിട്ടുണ്ടെന്നും ആയത് പുഴയുടെ സ്വാഭാവിക ഒഴുക്കിനെ തടയുന്നതിനാൽ മൺസൂണിന് മുൻമ്പ് നീക്കം ചെയ്യേണ്ടതാണെന്നും ആയതിലേയ്ക്കായി പുഴയുടെ പറശ്ശേരി, രണ്ടാംകൈ, പൊട്ടിക്കൈ എന്നിവിടങ്ങളിലെ 1.06 കി. മീ നീളത്തിലുള്ള ഭാഗത്തുനിന്നും 20 സെ. മീ ആഴത്തിൽ 1,272 ഘന മീറ്റർ മണൽ നീക്കം ചെയ്യാവുന്നതാണെന്നും എക്സിക്യൂട്ടീവ് ഡയറക്ടർ ബഹു. കോഴിക്കോട് ജില്ലാകളക്ടറെ അറിയിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഇരുതുള്ളി പുഴയിലും പുത്തുണ്ടി പുഴയിലും പ്രളയത്തിൽ അടിഞ്ഞു കൂടിയ വലിയ പാറകളും ചെളിയും നീക്കം ചെയ്ത് പുഴയെ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് പുഴ സംരക്ഷണം – സിൽറ്റ് നീക്കം ചെയ്യൽ പദ്ധതി നടപ്പിലാക്കി യത്. പദ്ധതിയുടെ ഭാഗമായി സിൽറ്റ് നീക്കം ചെയ്യുന്നതിന് പുഴയെ നാല് റീച്ചുകളായി തിരിച്ചു. 1) കൈതപ്പൊയിൽ മുതൽ മണൽ വയൽ ഭാഗം വരെയുള്ള 730മീ.നീളത്തിലും 21 മീ. വീതിയിലും 1 മീ. ആഴത്തിലും വരുന്ന ഭാഗം

2) മണൽ വയൽ മുതൽ കണ്ണപ്പൻകുണ്ട് വരെയുള്ള 477 മീ. നീളത്തിലും 15 മീ. വീതിയിലും 0.75 മീ. ആഴത്തിലും വരുന്ന ഭാഗം

3) കണ്ണപ്പൻകുണ്ട് – മയിലാംപാറ വരെയുള്ള 270 മീ. നീളത്തിലും 12 മീ. വീതിയിലും 0.54 മീ. ആഴത്തിലും വരുന്ന ഭാഗം

4) കണ്ണപ്പൻകുണ്ട് – മട്ടിക്കുന്ന് വരെയുള്ള 350 മീ. നീളത്തിലും 12 മീ. വീതിയിലും 0.5 മീ. ആഴത്തിലും വരുന്ന ഭാഗം.

മേൽ നാല് റീച്ചുകളിൽ നിന്നായി 26,965 ഘനമീറ്റർ ചെളി നീക്കം ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. അളവ് പുസ്തകം പ്രകാരം 2020 ജൂൺ, ജൂലായ് മാസങ്ങളിലാ യി ഒന്നാമത്തെ റീച്ചായ ഈങ്ങാപ്പുഴ ഭാഗത്തു നിന്നും 13,462.81 ഘന മീറ്റർ ചെളിയും രണ്ടാമത്തെ റീച്ചായ വെസ്റ്റ് കൈതപ്പൊയിൽ ഭാഗത്തുനിന്നും 11,310.66 ഘനമീറ്റർ ചെളിയും മൂന്നാമത്തെ റീച്ചായ പൂത്തുണ്ടി ഭാഗത്തുനിന്നും 793.95 ഘന മീറ്റർ ചെളിയും നാലാം റീച്ചായായ കണ്ണപ്പൻകുണ്ട് – മട്ടിക്കുന്ന് ഭാഗത്തുനിന്നും 1,450.30 ഘന മീറ്റർ ചെളിയും അഞ്ചാം റീച്ചായ കണ്ണപ്പൻകുണ്ട് – മയിലാംപാറ ഭാഗത്തുനിന്നും 556.62 ഘനമീറ്റർ ചെളിയു മാണ് പുഴയുടെ വശങ്ങളിലേക്ക് കോരിയിട്ടത്. കൂടാതെ 250.634 ഘന മീറ്റർ പാറയും നീക്കം ചെയ്ത വകയിൽ ആകെ 39,51,238/- രൂപ ചെലവഴിച്ചു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

**<u>1) അനിയന്ത്രിതമായി ചെളിയും മണ്ണലും വാരി</u>**

മേൽ പരാമർശിച്ച CWRDM റിപ്പോർട്ട് പ്രകാരം പുഴയുടെ പറശ്ശേരി, രണ്ടാംകൈ, പൊട്ടിക്കൈ എന്നിവിടങ്ങളിലെ 1.06 കി. മീ നീളത്തിലുള്ള ഭാഗത്തുനിന്നും 20 സെ. മീ. ആഴത്തിൽ 1272 ഘന മീറ്റർ മണൽ നീക്കം ചെയ്യുന്നതിനാണ് ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുള്ളതെങ്കിലും പുഴയിൽ നിന്ന് വലിയ ആഴത്തിലും വീതിയിലും നീളത്തിലും ചെളിയും മണലും വാരി വശങ്ങളിലേക്ക് കോരിയിട്ടു. ഇപ്രകാരം 27,574.35 ഘന മീറ്റർ ചെളിയും മണലുമാണ് വാരിയത്. പുഴയുടെ വശങ്ങളിലേക്ക് കോരിയിട്ട മണലിന്റെയും ചെളിയുടെയും കുറെ ഭാഗം പുഴയിലേക്ക് തന്നെ ഒഴുകി വന്നതായും ബാക്കി ഭാഗം വശങ്ങളിൽ തന്നെ കിടക്കുന്നതായും പഞ്ചായത്ത് അധികൃതരോടൊപ്പം 23.11.2021 - ന് നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. 2001 – ലെ കേരളനദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിലെ 15 ാം വകുപ്പ് പ്രകാരം നദീതീരം ഇടിയാതെ സംരക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ പുഴയിൽ നിന്ന് വൻതോതിൽ ചെളിയും മണലും നീക്കം ചെയ്തത് നിയമാനുസൃതമല്ല.

**2) പുഴയിൽ നിന്ന് നീക്കം ചെയ്ത ചെളിയും മണലും പുഴയിലേക്ക് തന്നെ ഒഴുകിയെത്തി – പദ്ധതി പ്രവർത്തനം പാഴ് വേലയായി**

ബഹു. ചെയർമാൻ ദുരന്തനിവാരണ അതോറിറ്റി & കോഴിക്കോട് ജില്ലാകളക്ടറുടെ 16.06.2020- ലെ DM/7939/2019-F2 നമ്പർ ഉത്തരവ് പ്രകാരം പുഴകളിൽ നിന്നും മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനാവശ്യമായ ചെലവ് ദുരന്ത നിവാരണ ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്. നീക്കം ചെയ്യുന്ന മണ്ണും ചെളിയും പുഴയുടെ തീരത്ത് വെച്ച് തന്നെ ലേലം ചെയ്യേണ്ടതുമാണ്. മണ്ണും ചെളിയും നീക്കം ചെയ്യുന്നതും അവ ലേലം ചെയ്യുന്നതും ഇതിന് വേണ്ടി രൂപീകരിക്കുന്ന ഒരു കമ്മിറ്റിയുടെ പൂർണ്ണനിയന്ത്രണത്തിലും ഉത്തരവാദിത്വത്തില‍ു മായിരിക്കേണ്ടതാണ്. പഞ്ചായത്തിൽ ഇപ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ മിനിട്സ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഈ പദ്ധതിയിൽപ്പെടുത്തി പുഴയുടെ സംരക്ഷണത്തിനായി നീക്കം ചെയ്ത ചെളിയും മണലും പുഴയുടെ അരികിൽ തന്നെ നിക്ഷേപിച്ചതിനാൽ അത് കുറെ ഭാഗം പുഴയിലേക്ക് തന്നെ ഒഴുകി വരാനിടയായിട്ടുണ്ട്. ഇക്കാര്യം പഞ്ചായത്ത് അധികൃതരോടൊ പ്പം നടത്തിയ സ്ഥലപരിശോധനയിൽ കാണുകയുണ്ടായി. ആയതിനാൽ പദ്ധതി പ്രവർത്ത നം പാഴ് വേലയായി മാറുകയും പണം പാഴ് ചെലവാകുകയും ചെയ്തു. ചെളിയും മണലും ലേലം ചെയ്യാത്തതുമൂലം പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിച്ചില്ലായെന്ന് മാത്രവു മല്ല ചെളിയും മണലും നീക്കം ചെയ്യുന്നതിനാവശ്യമായ ചെലവ് ദുരന്ത നിവാരണഫണ്ടിൽ നിന്നും കണ്ടെത്തുന്നതിന് പകരം ധനകാര്യകമ്മീഷൻ (ടൈഡ്) ഗ്രാന്റ് ഉപയോഗിക്കുക യാണ് ചെയ്തത്.

**3) പുഴയിൽ നിന്ന് വ്യാപകമായി മണൽ വാരുന്നു**

ഓഡിറ്റിന്റെ ഭാഗമായി 23.11.2021 - ന് പഞ്ചായത്ത് അധികൃതരൊടൊപ്പം വെസ്റ്റ് കൈതപ്പൊയിൽ, വള്ളിയാട് തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തുകയുണ്ടായി. പല സ്ഥലങ്ങളിലും ആളുകൾ പുഴയിൽ നിന്ന് മണൽ വാരുന്നത് കാണുകയുണ്ടായി. മണൽവാരൽ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയത് തടയുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.06/2020-21 തീയതി 26.11.2021) മറുപടി ലഭ്യമാക്കിയില്ല. മേൽ വിസ്തരിച്ച പ്രകാരം പുഴയിൽ നിന്ന് അനിയന്ത്രിത മായി ചെളിയും മണലും നീക്കം ചെയ്യുക വഴി പുഴയ്ക്ക് ഹാനികരമായ പ്രവൃത്തികളാണ് പദ്ധതിയിൽ നടത്തിയിട്ടുള്ളത്. പുഴയെ സംരക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ കൂടി ചുമതലയാണെന്നിരിക്കെ പുഴയിൽ നിന്ന് വൻതോതിൽ ചെളിയും മണലും നീക്കം ചെയ്തത് നിയമാനുസൃതമല്ല. വിശദീകരണം നൽകേണ്ടതാണ്. ചെലവ് തടസ്സത്തിൽ വെക്കുന്നു.

**1-19 എം.സി.എഫിൽ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തം - പ്രവർത്തനം കാര്യക്ഷമമല്ല**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എം.സി.എഫ് നിർമ്മാണം (പ്രോജക്ട് നം.267/2020-21) |
| | |

| | |
|---|---|
| കോൺട്രാക്ടറുടെ പേര് | ശ്രീ. മനോജ് എം. ജെ |
| അടങ്കൽ തുക | സംസ്ഥാനാവിഷ്കൃത ഫണ്ട് – 10,00,000/- |
| ചെലവ് | 9 44,670/-<br>ചെക്ക് നം. 258288/28.12.2020 /944670/- |
| എം. ബുക്ക് നം. | 337/2019-20 |
| കരാർ | 103/2019-20/29.01.2020 |

പദ്ധതിയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുതുപ്പാടി വില്ലേജിലെ പുതുപ്പാടി ദേശത്തിൽപ്പെട്ട റീ. സർവ്വേനം.179/1-ബി- ൽപ്പെട്ട 5 സെന്റ് സ്ഥല ത്ത് എം.സി.എഫ്- നുള്ള കെട്ടിടം സ്ഥാപിക്കുന്നതിനാണ് പദ്ധതി നടപ്പിലാക്കിയത്. ബഹു. ചെയർമാൻ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി & കോഴിക്കോട് ജില്ലാകളക്ടറുടെ 16.09.2019- ലെ ഡി.എം.കെ.കെ.ഡി/1996/2018 ഉത്തരവിൽ മേൽ പരാമർശിച്ച സ്ഥലം പുതുപ്പാടി ഗ്രാമപഞ്ചായത്തിന് എം.സി.എഫ് സ്ഥാപിക്കുന്നതിന് താൽക്കാലികമായി വിട്ടു നൽകാൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിനോട് സ്ഥലം പഞ്ചായത്തിന് വിട്ടു നൽകുവാൻ ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നുവെങ്കിലും അവർ വിട്ടു നൽകിയിട്ടില്ലായെന്നാണ് പഞ്ചായത്ത് അധികൃതർ വാക്കാൽ അറിയിച്ചിട്ടുള്ളത്. എം.സി.എഫ് സ്ഥിതിചെയ്യുന്ന സ്ഥലം പഞ്ചായത്തിന് വിട്ടു കിട്ടാതെ നിർമ്മാണപ്രവൃത്തികൾ നടത്തുന്നത് നിയമപ്രശ്നങ്ങൾക്ക് വഴി തെളിക്കാം. ഇക്കാര്യം ബഹു. കോഴിക്കോട് ജില്ലാകളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണേണ്ടതാണ്.

ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് അധികൃതരോടൊപ്പം എം.സി.എഫ്- ൽ 23.11.2021- ന് സ്ഥലപരിശോധന നടത്തുകയുണ്ടായി. 04.11.2020- ന് എം.സി.എഫ് ഉദ്ഘാടനം ചെയ്തതായി രേഖപ്പെടുത്തിയ ശിലാഫലകം ഭിത്തിയിൽ ഒട്ടിച്ചിട്ടുണ്ട്. എം.സി.എഫ്- നകത്തും പുറത്തും മാലിന്യം ചാക്ക് കെട്ടുകളിലായി കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. എം.സി.എഫും പരിസരവും കാട് മൂടി കിടക്കുന്നു. അവിടെയ്ക്കുള്ള വഴി ഗതാഗതയോഗ്യവുമല്ല. എം.സി.എഫിൽ ശുചിമുറി സ്ഥാപിച്ചിട്ടുണ്ടെങ്കിലും ജലസ്രോതസ്സ് ഇല്ല. ജനലുകളുടെ ഗ്രിൽ തുരുമ്പിച്ചതായും കണ്ടു. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 09/2020-21 തീയതി 26.11.2021) മറുപടി ലഭ്യമാക്കിയില്ല. 9,44,670/- രൂപ പദ്ധതി പണം ചെലവഴിച്ച് നിർമ്മിച്ച എം.സി.എഫ്- ൽ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, റോഡ് എന്നിവ ഒരുക്കുന്നതിനും മാലിന്യം യഥാസമയം നീക്കം ചെയ്യുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. എം.സി.എഫ്- ന്റെ ജനലുകളുടെ ഗ്രില്ലിന് ഗുണമേൻമ കുറഞ്ഞ സ്റ്റീലാണ് ഉപയോഗിച്ചിട്ടുള്ളതെങ്കിൽ അവ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ മാറ്റി സ്ഥാപിച്ച് അറിയിക്കേണ്ടതാണ്. അതുവരെ പദ്ധതിയിൽ ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

**1-20 ഹോമിയോ ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുന്നതിന് പട്ടികജാതി ഉപപദ്ധതി ഫണ്ട് വകമാറ്റി ചെലവഴിച്ചു**

1)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുഴങ്കുന്ന് ഹോമിയോ ഡിസ്പെൻസറിക്ക് കെട്ടിടം (പ്രോജക്ട് നം. 232/2020-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. റഷീദ്. പി |
| അടങ്കൽ തുക | പട്ടികജാതി ഉപപദ്ധതി ഫണ്ട് – 17,00,000/- |
| ചെലവ് | 16,31,452/- |

| | |
|---|---|
| | ബിൽ നം. 201701152015700260123/<br>20.05.2020/16,31,452/- |
| എം. ബുക്ക് നം. | 210/2018-19,257/2018-19 |
| കരാർ | 127/2018-19/07.03.2019 |

2)

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പുഴങ്കുന്ന് ഹോമിയോ ഡിസ്പെൻസറി പൂർത്തീകരണം (പ്രോജക്ട് നം. 210/2020-21) |
| കോൺട്രാക്ടറുടെ പേര് | ശ്രീ. സജി ജോസ് |
| അടങ്കൽ തുക | പട്ടികജാതി ഉപപദ്ധതി ഫണ്ട് – 13,64,000/- |
| ചെലവ് | 13,63,190/-<br>ബിൽ നം. 1)201701152015700034469/11.04.2020/4,56,459/-<br>2)20170152015700261375/16.06.2020/4,57,126/-<br>3)20170152015700180292/19.05.2020/4,49,605/- |
| എം. ബുക്ക് നം. | 341/2019-20,424/2019-20,380/2019-20 |
| കരാർ | 99/2019-20/29.01.2020 |

2018-19 – ൽ 325/2018-19 - നമ്പർ പദ്ധതിയിൽപ്പെടുത്തി 16,31,452/-രൂപ പട്ടികജാതി ഉപപദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ച് നിർമ്മിച്ച ഹോമിയോ ഡിസ്പെൻസറി കെട്ടിടത്തി ന്റെ (തുക നൽകിയത് പ്രൊജക്ട് നം. 232/2020-21) പൂർത്തീകരണ പ്രവൃത്തികൾക്കായി പ്രൊജക്ട് നം. 210/2020-21 – ൽ 13,63,190/- രൂപയും പട്ടികജാതി ഉപപദ്ധതി ഫണ്ടിൽ നിന്നും ചെലവഴിച്ചു. ആകെ പദ്ധതിക്കായി 29,94,642/- രൂപ ചെലവഴിച്ചു.

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ഓരോ തദ്ദേശസ്വയംഭരണസ്ഥാപനവും പട്ടികജാതി ഉപപദ്ധതി തയ്യാറാക്കേണ്ടതും ഈ തുക പാഴാക്കുവാനോ വകമാറ്റി ചെലവഴിക്കുവാനോ പാടില്ലാത്തതുമാണ്. വൈദ്യുതി, കുടിവെള്ളം, റോഡ്, നടപ്പാത എന്നീ പൊതു സൗകര്യപ്രൊജക്ടുകളുടെ കാര്യത്തിൽ ഗുണഭോക്താക്കളുടെ എണ്ണം 50% – ത്തിൽ കൂടുതലാണെങ്കിൽ പദ്ധതിക്കായി പൂർണ്ണമായും പട്ടികജാതി ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. ഹോമിയോ ഡിസ്പെൻസ റി പട്ടികജാതി സങ്കേതത്തിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അനുവദിച്ച ആശുപത്രിയായതുകൊണ്ട് പട്ടികജാതി ഉപപദ്ധതി വിഹിതം വിനിയോഗിക്കാമെന്ന് കൊടുവള്ളി പട്ടികജാതി വികസന ഓഫീസർ കത്ത് നം. കെ-252/18 തീയതി 12.09.2018 പ്രകാരം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ആശുപത്രി കെട്ടിടം പണിതത്.

എന്നാൽ ഹോമിയോ ഡിസ്പെൻസറിയുടെ സേവനം പ്രത്യേക വിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ളതല്ല. അവിടെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും ചികിത്സ ലഭ്യമാകുന്ന ഇടമാണ്. ആയതിനാൽ പൊതുവിഭാഗത്തിൽപ്പെടുന്ന ഫണ്ട് ഉപയോഗിച്ചിട്ടായിരുന്നു ഡിസ്പെൻസറി നിർമ്മിക്കേണ്ടിയിരുന്നത്. പട്ടികജാതി വിഭാഗ ത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരുന്നതിന് ഉപയോഗി ക്കേണ്ട ഫണ്ട് വകമാറ്റി ചെലവഴിക്കുകയാണുണ്ടായിട്ടുള്ളത്. ആയത് പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം. 04/2020-21 തീയതി 26.11.2021) മറുപടി ലഭ്യമാക്കിയില്ല. വകമാറ്റി ചെലഴിച്ച പട്ടികജാതി ഉപപദ്ധതി ഫണ്ട് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

**1-21 ഈ - ടെണ്ടർ ഫോം ഫീ പഞ്ചായത്തിന് ലഭിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം 24 പ്രവൃത്തികൾ ഇ - ടെണ്ടർ നടത്തിയ വകയിൽ ഇ - ടെണ്ടർ ഫോം ഫീയായി 39,030/- രൂപയും 2020-21- ൽ 49 പ്രവൃത്തിക ൾക്കായി 74,160/- രൂപയും ലഭിച്ചിട്ടുള്ളത് ജില്ല പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ്. ഇതു പഞ്ചായത്തിന് ഇതുവരെ തിരികെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നം. 10/2020-21 തീയതി 26.11.2021 ) മറുപടി ലഭ്യമാക്കിയില്ല. ഇ – ടെണ്ടർ ഫോം ഫീ പഞ്ചായത്തിന് തിരികെ ലഭിക്കുന്നതി ന് നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

**1-22 പൊതുമരാമത്ത് പ്രവൃത്തി രൂപീകരണ - നിർവ്വഹണഘട്ടങ്ങളിലെ അപാകതകൾ**

**1) പദ്ധതികളുടെ ബാഹുല്യം – കോടികണക്കിന് രൂപയുടെ ഫണ്ട് ലാപ്സാകുന്നു**

പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് ഓവർസിയർമാരുമാണുള്ളത്. പദ്ധതികളുടെ ബാഹുല്യം ജീവനക്കാരുടെ ജോലിഭാരം കൂട്ടുന്നു. പ്രവൃത്തികളുടെ മേൽനോട്ടം/മോണിറ്ററിംഗ് ഫലപ്രദമായി നടത്തുവാൻ കഴിയുന്നില്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാതെ വരുകയും തൻമൂലം തൻവർഷത്തെ ഫണ്ട് ലാപ്സാവുന്നതിനും സ്പിൽ ഓവർ പദ്ധതികൾ ക്ക് അടുത്ത വർഷത്തെ ഫണ്ട് മാറ്റി വയ്ക്കേണ്ടതായും വരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

**2019-2020**

| പുതിയ പദ്ധതികൾ/ നടപ്പിലാക്കിയത് | സ്പിൽ ഓവർ പദ്ധതികൾ/ നടപ്പിലാക്കിയത് | ആകെ അടങ്കൽ | ആകെ ചെലവ് | ഫണ്ട് ലാപ്സായത് | സ്പിൽഓവർ പദ്ധതികളുടെ ചെലവ് |
|---|---|---|---|---|---|
| 146 /97 | 67/61 | 76701767 | 33673909 | 43027858 (56 %) | 18965344 (56.32%) |

**2020-2021**

| പുതിയ പദ്ധതികൾ/ നടപ്പിലാക്കിയത് | സ്പിൽ ഓവർ പദ്ധതികൾ/ നടപ്പിലാക്കിയത് | ആകെ അടങ്കൽ | ആകെ ചെലവ് | ഫണ്ട് ലാപ്സായത് | സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് |
|---|---|---|---|---|---|
| 86 /72 | 93/84 | 82083734 | 68122540 | 13961194 (17 %) | 37412337 (54.91%) |

**2) ചെറിയ അടങ്കലിന്റെ ധാരാളം പ്രവർത്തികൾ ഏറ്റെടുക്കുന്നു**

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്ടുകളും വിഭവങ്ങളുടെ നേരിയതോതിലുള്ള വിന്യാസവും ഒഴിവാക്കി പ്രൊജക്ടുകളുടെ എണ്ണം കുറയ്ക്കേണ്ടതാണ്.

പുതുപ്പാടി ഗ്രാമപഞ്ചായത്ത് 2019-20-ൽ 2,50,000/- ൽ താഴെ അടങ്കലുള്ള 99 ഉം 2020-21 -ൽ 50 ഉം പദ്ധതികളും ഏറ്റെടുത്തിട്ടുണ്ട്. ഇതും ജീവനക്കാരുടെ ജോലിഭാരം കൂട്ടുന്നു. പദ്ധതികൾ ഫലപ്രദമായി

മോണിറ്റർ ചെയ്യുന്നതിനും പൂർത്തീകരിക്കുന്നതിനും ഇത് തടസ്സമായി നിൽക്കുകയും ചെയ്യുന്നു.

**3) പദ്ധതികൾ സമഗ്രമായി തയ്യാറാക്കുന്നില്ല**

2018-19 മുതൽക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 3.5.2 പ്രകാരം (സ.ഉ.(കൈ)നം.11/2018/ത.സ്വ.ഭവ തീയതി 29.01.2018) ഒരു നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ഒരു വർഷത്തിലധികം സമയം ആവശ്യമാണെങ്കിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിനുള്ള അടങ്കൽ തുകയും കൃത്യമായി രേഖപ്പെടുത്തി ബഹുവർഷ പ്രൊജക്ട് രൂപീകരിക്കേണ്ടതാണ്. എന്നാൽ അപ്രകാരം ചെയ്യാതെ വെവ്വേറെ പദ്ധതികൾ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് അനാവശ്യമായി ജോലിഭാരം കൂട്ടുന്നതിനും പദ്ധതി പൂർത്തീകരിക്കുന്നതിന് കാലതാമസത്തിനും ഇടയാക്കുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

**1) കാരക്കുന്ന് ശ്മശാനം**

| 2019-20 | 2020-21 |
|---|---|
| കാരക്കുന്ന് ശ്മശാനം – ഇലക്ട്രിക് ലൈൻ വലിക്കൽ | കാരക്കുന്ന് ശ്മശാനം - ത്രീഫേസ് വയറിംഗ് |
| കാരക്കുന്ന് ശ്മശാനം - വൈദ്യുതീകരണം | കാരക്കുന്ന് ശ്മശാനം - വൈദ്യുതീകരണം |
| കാരക്കുന്ന് ശ്മശാനം – ഗ്യാസ്സ്ക്രിമിറ്റോറിയം | കാരക്കുന്ന് ശ്മശാനം – ഗ്യാസ്സ്ക്രിമിറ്റോറിയം |
| കാരക്കുന്ന് ശ്മശാനം – ഗ്യാസ്സ് കണക്ഷൻ | കാരക്കുന്ന് ശ്മശാനം – ഗ്യാസ്സ് കണക്ഷൻ |
| കാരക്കുന്ന് ശ്മശാനം – ജനറേറ്റർ വാങ്ങൽ | കാരക്കുന്ന് ശ്മശാനം – ജനറേറ്റർ വാങ്ങൽ |
| കാരക്കുന്ന് ശ്മശാനം – മോട്ടോർ സ്ഥാപിക്കൽ | കാരക്കുന്ന് ശ്മശാനം – മോട്ടോർ സ്ഥാപിക്കൽ |
| കാരക്കുന്ന് ശ്മശാനം – ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ | കാരക്കുന്ന് ശ്മശാനം - ഭൌതിക സാഹചര്യം മെച്ചപ്പെടുത്തൽ |
| കാരക്കുന്ന് ശ്മശാനം – സൌന്ദര്യവത്ക്കരണം | കാരക്കുന്ന് ശ്മശാനം – സൌന്ദര്യവത്ക്കരണം |
| കാരക്കുന്ന് ശ്മശാനം – റോഡ് നവീകരണം | കാരക്കുന്ന് ശ്മശാനം – റോഡ് നവീകരണം |
| കാരക്കുന്ന് ശ്മശാനം പൂർത്തീകരണം | കാരക്കുന്ന് ശ്മശാനം പൂർത്തീകരണം |

**2) പഞ്ചായത്ത് ഓഫീസിലെ വിവിധ നിർമ്മാണപ്രവൃത്തികൾ**

| 2019-20 | 2020-21 |
|---|---|
| പഞ്ചായത്ത് ഓഫീസ് റീ - വയറിംഗ് | പഞ്ചായത്ത് ഓഫീസ് റീ - വയറിംഗ് |
| പഞ്ചായത്ത് ഓഫീസ് സ്മാർട്ട് നോട്ടീസ് ബോർഡ് | പഞ്ചായത്ത് ഓഫീസ് സ്മാർട്ട് നോട്ടീസ് ബോർഡ് |
| പഞ്ചായത്ത് ഓഫീസ് ഫർണ്ണിച്ചർ | പഞ്ചായത്ത് ഓഫീസ് ഫർണ്ണിച്ചർ |
| പഞ്ചായത്ത് ഓഫീസ് ഇപിഎബിഎക്സ് | പഞ്ചായത്ത് ഓഫീസ് ഇപിഎബിഎക്സ് |
| പഞ്ചായത്ത് ഓഫീസ് യുപിഎസ് വയറിംഗ് | പഞ്ചായത്ത് ഓഫീസ് യുപിഎസ് വയറിംഗ് |
| പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് | പഞ്ചായത്ത് ഓഫീസ് – ലാൻനെറ്റ് |
| പഞ്ചായത്ത് ഓഫീസ് എസിപി സ്ഥാപിക്കൽ | പഞ്ചായത്ത് ഓഫീസ് എസിപി സ്ഥാപിക്കൽ |
| പഞ്ചായത്ത് ഓഫീസ് സൌണ്ട്സിസ്റ്റം | പഞ്ചായത്ത് ഓഫീസ് സൌണ്ട്സിസ്റ്റം |
| പഞ്ചായത്ത് ഓഫീസ് സിസിടിവി സ്ഥാപിക്കൽ | പഞ്ചായത്ത് ഓഫീസ് സിസിടിവി സ്ഥാപിക്കൽ |
| പഞ്ചായത്ത് ഓഫീസ് ടോക്കൺ സിസ്റ്റം | പഞ്ചായത്ത് ഓഫീസ് ടോക്കൺ സിസ്റ്റം |
| പഞ്ചായത്ത് ഓഫീസ് ഇൻവെർട്ടർ | പഞ്ചായത്ത് ഓഫീസ് ഇൻവെർട്ടർ |
| പഞ്ചായത്ത് ഓഫീസ് മുലയൂട്ടൽ കേന്ദ്രം | - |
| പഞ്ചായത്ത് ഓഫീസ് നവീകരണം-ഫേസ്-2 | - |
| പഞ്ചായത്ത് ഓഫീസ് കുഴൽ കിണർ മോട്ടോർ | - |
| പഞ്ചായത്ത് ഓഫീസ് നവീകരണം -പൂർത്തീകരണം | പഞ്ചായത്ത് ഓഫീസ് നവീകരണം -പൂർത്തീകരണം |

ഇങ്ങാപ്പുഴ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ഇങ്ങാപ്പുഴ കംഫർട്ട് സ്റ്റേഷൻ, ബഡ്സ് സ്കൂൾ, ഇങ്ങാപ്പുഴ വനിത കാർഷിക വിപണനകേന്ദ്രം, പുഴങ്കുന്ന് എസ്. സി ഹോമിയോ ഡിസ്പെൻസറി എന്നിവയ്ക്കും 2019-20, 2020-21 വർഷങ്ങളിൽ ഒന്നിലധികം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**4) എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു**

മിക്ക പദ്ധതികളുടെയും എസ്റ്റിമേറ്റുകൾ പുതുക്കുകയും പലയിനങ്ങളും ഒഴിവാക്കി പുതിയ ഇനങ്ങൾ നൽകുകയോ പ്രവൃത്തിയുടെ അളവ് കൂട്ടുകയോ ചെയ്തിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട കൊണ്ടുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പിന് ( നം. 05/2020-21 തീയതി 26.11.2021) മറുപടി ലഭ്യമാക്കിയില്ല. ചെറിയ അടങ്കലിന്റെ പദ്ധതികൾ ഒഴിവാക്കേണ്ടതും സമഗ്രപദ്ധതികൾ ബഹു വർഷ പദ്ധതികളായി തയ്യാറാക്കി പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും അതുവഴി ഫണ്ട് പാഴാവുന്നത് ഒഴിവാക്കേണ്ടതുമാണ്.

**1-23 ബഡ്സ് സ്കൂളിൽ നിർമ്മിച്ച കരകൗശല പരിശീലന കേന്ദ്രം കുട്ടികൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പ്രവൃത്തി നടത്തിയില്ല - നിഷ് ഫല ആസ്തിയായി നിലനിൽക്കുന്നു.**

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ (പ്രോജക്ട് നം. 222//2020-21) |

| | |
|---|---|
| കോൺട്രാക്റ്ററുടെ പേര് | ശ്രീ. മനോജ്. എം. ജെ |
| അടങ്കൽ തുക | വികസനഫണ്ട് (ജനറൽ) – 10,50,000/-<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 6,00,000/-<br>ആകെ – 16,50,000/-<br>വികസനഫണ്ട് (ജനറൽ) – 9,16,897/-<br>ബ്ലോക്ക് പഞ്ചായത്ത് – 5,53,922/-<br>ആകെ – 14,70,819/- |
| ചെലവ് | 1) ബിൽ നം. 2017015201570018 4091/20.05.2020/ 8,99,339/-<br>2) ബിൽ നം. 20170152015700261379/16.06.2020/ 2,850/-<br>3) ചെക്ക് നം. 2944531/30.06.2020/3,97,135/-<br>4) ചെക്ക് നം. 2944532/30.06.2020/1,56,787/-<br>5) 20170152015700261371/16.06.2020/14,708/-<br>ആകെ ചെലവ് – 14,70,819/- |
| എം. ബുക്ക് നം. | 320/2019-20 |
| കരാർ | 105/2019-20/29.01.2020 |

മേൽ പദ്ധതിയിൽ ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനായി നിലവിലെ കെട്ടിടത്തിന് മുകളിൽ ട്രസ്സ് വർക്ക് ചെയ്ത് കെട്ടിടമുണ്ടാക്കുന്നതിനാണ് വിഭാവനം ചെയ്തത്. കെട്ടിടത്തിന്റെ ഫ്ളോറിംഗ്, ഇലക്ട്രിഫിക്കേഷൻ, ശുചിമുറി എന്നീ ഇനങ്ങൾ ഉൾപ്പെടുത്താതെയാണ് പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. പഞ്ചായത്ത് അധികൃതരോടൊപ്പം 23.11.2021 – ന് നടത്തിയ സ്ഥലപരിശോധയിൽ 10.09.2020 - ന് ബഡ്സ് സ്കൂൾ വനിത സംരംഭക യൂണിറ്റ് ഉദ്ഘാടനം ചെയ്തതിന്റെ ശിലാഫലകം കെട്ടിടത്തിൽ ഒട്ടിച്ചു വെച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ വിഭാവനം ചെയ്ത പ്രകാരം കരകൗശല പരിശീലന കേന്ദ്രം പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങ ളായ നിലം ഫ്ളോറിംഗ്, വൈദ്യുതീകരണം, ശുചിമുറി എന്നിവയൊന്നും നടപ്പിലാക്കാത്ത തിനാൽ കെട്ടിടം നിലവിൽ ഉപയോഗിക്കാൻ സാധിക്കുകയില്ലായെന്ന് കണ്ടു. കെട്ടിടത്തിലേക്ക് കയറുന്നതിന് റാമ്പിന് പകരം സ്റ്റെപ്പാണ് നിർമ്മിച്ചിട്ടുള്ളത്. കുട്ടികൾക്ക് കെട്ടിടത്തിലേക്ക് കയറുന്നതിനും വലിയ ബുദ്ധിമുട്ട് നേരിടും. കെട്ടിടം ഉപയോഗപ്രദമാക്കുന്ന രീതിയിൽ പ്രവൃത്തി നടത്താതെ പദ്ധതി പണം ചെലവഴിച്ച് നിഷ്ക്രിയ ആസ്തിയായി മാറ്റിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം. 07/2020-21 തീയതി 26.11.2021-ന് മറുപടി ലഭ്യമാക്കിയില്ല.

ഭിന്നശേഷി കുട്ടികൾക്ക് കെട്ടിടത്തിലേക്ക് ബുദ്ധിമുട്ട് കൂടാതെ പ്രവേശിക്കുന്നതിന് റാമ്പ് സൗകര്യം ഏർപ്പെടുത്തിയും മറ്റ് അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിച്ച് കെട്ടിടം ഉപയോഗക്ഷമമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ പദ്ധതിയിൽ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

**1-24 അഗതി രഹിത കേരളം പദ്ധതി - ആശ്രയ ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്**

ഗ്രാമപഞ്ചായത്തിലെ അഗതിരഹിത കേരളം പദ്ധതിയിൽ ഉൾപ്പെട്ട നിരാലംബരും നിരാശ്രയരും അടിസ്ഥാന ജീവിതോപാധികൾ നിഷേധിക്കപ്പെട്ടവരുമായ കുടുംബങ്ങൾ ക്ക് ഭൂമി, വീട്, കക്കൂസ്,

തൊഴിൽ, കുടിവെള്ളം, ഭക്ഷണം, ചികിൽസ, വിദ്യാഭ്യാസം എന്നിവ ലഭ്യമാക്കി സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് അവരെ ഉയർത്തി ക്കൊണ്ടുവരുക എന്നതാണ് ലക്ഷ്യം. ഗ്രാമപഞ്ചായത്തിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിലെ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് മുഴുവനും ഭവന നിർമ്മിച്ച് നൽകുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

സ.ഉ(എം.എസ്)22/2018/തസ്വഭവ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയി രുത്തേണ്ടതാണ്. സ.ഉ (എം.എസ്) 252/2017/ തസ്വഭവ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ 14.09.2018 ലെ സ.ഉ(എം.എസ്)/128/ 2018/ തസ്വഭവ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ അഗതി കേരളം പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം ഭവനം ആവശ്യമുള്ളതും, നിലവിലും ഭവനനിർമ്മാണ പദ്ധതികളിൽ പരിഗണിക്കപ്പെടാത്തവരു മായ 15 ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | വാർഡ് |
|---|---|---|
| 1 | മുഹമ്മദ് മുതിരപ്പറമ്പിൽ | 1 |
| 2 | ആയിഷേ കുയോടിയിൽ | 1 |
| 3 | ശാന്ത പരപ്പൻപ്പാറ | 2 |
| 4 | കമല കരിമ്പിൻമൂലയിൽ | 2 |
| 5 | മേരി മൂണ്ടോട്ടുചുണ്ടയിൽ | 3 |
| 6 | മൈമൂന ചേലോട് | 4 |
| 7 | കലി പോട്ടിക്കയിൽ | 6 |
| 8 | മുസ്തഫ ചോലക്കൽ | 6 |
| 9 | ഖദീജ വിളക്കാട്ടുകാവിൽ | 7 |
| 10 | ജഗദംബിക | 11 |
| 11 | ജാനു ചെറുപ്ലാട് | 15 |
| 12 | ആമിന കരുവൻകാവ് | 15 |
| 13 | ബാലൻ പുത്തൻകുന്ന് | 17 |
| 14 | പാത്തുമ്മ വട്ടോത്തുപുരയിൽ | 18 |
| 15 | അമ്മിണി ആച്ചി | 19 |

ഈ ഗുണഭോക്താക്കൾക്ക് അർഹമായ ഭവനനിർമ്മാണ ധനസഹായം അടിയന്തിരമാ യി നൽകി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 17.11.2021, 18.11.2021 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1375805 | | 1375805 | 0 |
| | 2020-21 | 300000 | | 300000 | 0 |
| | 2020-21 | 1044240 | | 1044240 | 0 |
| | 2020-21 | 210000 | നെൽകൃഷി കൂലി ചെലവ് | 210000 | 0 |
| | 2020-21 | 34398 | സുഫലം ഫലവൃക്ഷ തൈകൾ വിതരണം | 34398 | 0 |
| | 2020-21 | 210000 | നെൽകൃഷി കൂലി ചെലവ് | 210000 | 0 |
| | 2020-21 | 799900 | ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും | 799900 | 0 |
| | 2020- | 345000 | ക്ഷീരഗ്രാമം | 345000 | 0 |

| | | | | | |
|---|---|---|---|---|---|
| | 21 | | വനിത | | |
| | 2020-21 | 1617476 | ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1617476 | 0 |
| | 2020-21 | 1913617 | മിൽക്ക് ഇൻസെന്റീവ് വനിത | 1913617 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 600000 | | 553922 | 46078 |
| | 2019-20 | 800000 | | 790642 | 9358 |
| | 2020-21 | 175000 | നെൽകൃഷി കൂലി ചെലവ് | 175000 | 0 |
| | 2020-21 | 175000 | നെൽകൃഷി കൂലി ചെലവ് | 175000 | 0 |
| | 2020-21 | 2000000 | ലൈഫ് മിഷൻ ഭവനരഹിതർക്ക് വീട് നിർമ്മാണം | 0 | 2000000 |
| | 2020-21 | 800000 | ലൈഫ് മിഷൻ ഭൂരഹിത ഭവനരഹിതർക്ക് ഭൂമി വാങ്ങൽ, വീട് നിർമ്മാണം | 0 | 800000 |
| | 2019-20 | 2662090 | ലൈഫ് മിഷൻ ഭവനരഹിതർക്ക് ഭവന നിർമ്മാണം | 2662090 | 0 |
| | 2020-21 | 100000 | പോഷകാഹാര വിതരണം ജനറൽ | 100000 | 0 |
| | 2020-21 | 785700 | ഭിന്നശേഷി സ്കോളർഷിപ്പും ബത്തയും | 787500 | 0 |
| | 2020-21 | 1000000 | ക്ഷീര സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി | 1000000 | 0 |
| | 2020-21 | 300000 | മിൽക്ക് ഇൻസെന്റീവ് വനിത | 300000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഈ ഇനത്തിൽ തൻവർഷം ചെലവ് ഇല്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.27/19, തീയ്യതി 22/2/2019 | 0 | 12593529 | 1888196 | 0 | 10705333 |
| കാരുണ്യ ഭവന പദ്ധതി | 7656/ ഡിബി.1/14/ ത.സ്വഭവ തീയ്യതി 14/08/2014 | 0 | | 1500000 | 1000000 | |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **23**-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 46 | 2003-04 | 11.13.2.6 | വ്യവസായ എസ്റ്റേറ്റുകൾ പ്രയോജനപ്പെട്ടില്ല | തടസ്സം തുടരുന്നു |
| 2001-02 | 29 | 2003-04 | 11.13.7.17 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2001-02 | | 2003-04 | 11.14 | മരാമത്ത് പ്രവൃത്തി സെന്റ് കോളനി സാംസ്കാരിക നിലയം | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2004-05 | 11.1.3.6 | നികുതി പിരിവിൽ അലംഭാവം | തടസ്സം തുടരുന്നു |
| 2015-16 | 2-14 | 2016-17 | 4.2.1 | പുറമ്പോക്കുകൾ - സംരക്ഷണവുമായി ബന്ധപ്പെട്ട് | തടസ്സം തുടരുന്നു |
| 2015-16 | 2-7 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി-അപാകതകൾ | തടസ്സം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 14,06,15,126 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,23,22,723 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7349023 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 288460 | ഡോ.മീന ചാക്കോ, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-17 | 6,93,836 | ശ്രീമതി. ഫാത്തിമ ഷഹറിൻ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-18 | 3951238 | ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 9,44,670 | ശ്രീമതി. ഫാത്തിമ ഷഹറിൻ.എം, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-23 | 1470819 | ശ്രീമതി.അഖില ഉണ്ണികൃഷ്ണൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | |
|---|---|
| ആകെ | 7349023 |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഫാത്തിമ ഷഹറിൻ.എം, അസിസ്റ്റന്റ് എഞ്ചിനീയർ | താൽക്കാലിക നിയമനം | റാബിയ മൻസിൽ, തുവ്വക്കോട്(പി.ഒ), പൂക്കാട്, കോഴിക്കോട് |
| ശ്രീമതി. അഖില ഉണ്ണികൃഷ്ണൻ , അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, താമരശ്ശേരി ഗ്രാമപഞ്ചായത്ത് | സായിശ്രേയസ്സ്, അരീക്കോട്(പി.ഒ), മലപ്പുറം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 2002-03 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12/ 11.02.13 | 4 | 3-1, 3-6, 3-8, 3-9 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12(1) / 11.02.13 | 3 | 3-7, 3-8, 3-11 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി1/ 1911/12/ 11.02.13 | 10 | 1-1, 2-5, 3-1, 3-4,3-6, 3-9, 3-10, 3-11, 3-12 |

| | | | |
|---|---|---|---|
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1815/2019 തീ-11.09.2020 | 23 | 2-2,2-6, 2-7,2-10, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-11, 3-12,3-17, 3-18, 3-19, 3-22, 3-9,3-24, 3-25, 3-27, 3-28, 4-7 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1815/2019 തീ-11.09.2020 | 27 | 2-1,2-2, 2-3, 2-7(എ,ബി), 2-8, 2-9, 2-10, 3-2, 3-3, 3-4, 3-5, 3-6,3-7, 3-8, 3-9, 3-12, 3-13,3-14, 3-15, 3-16, 3-18, 3-19, 3-20, 3-21, 3-22, 3-23, 4-7 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി.2/ 1815/2019 തീ-11.09.2020 | 2 | 3-3, 4-3 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി1/ 624/14/ 11.06.14 | 18 | 1-1, 1-2, 2-2, 3-1, 3-2, 3-3, 3-4, 3-5, 3-7,3-8,3-10, 3-12, 3-13, 3-17,4-3, 4-4, 4-5, 4-7 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി8/ 2478/17/ 27.08.2017 | 21 | 2-1, 3-1, 3-2(A),3-3, 3-4, 3-5,3-8, 3-10,3-11, 3-13, 3-14,3-15, 3-17, 3-19, 3-20, 3-21, 3-22, 3-23,3-24,3-25, 3-26, 3-27 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/ 2418/17/ 18.01.2018 | 10 | 3-1, 3-5, 3-7, 3-10, 3-11, 3-12, 3-14,3-15, 3-16,3-17 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി.1/ 2048/17/ 08.11.2017 | 30 | 2-1, 2-2, 2-3, 2-4,2-5, 2-8, 2-9, 2-10, 2-11, 2-12, 2-13, 2-14, 3-2, 3-5, 3-6, 3-7, 3-8, 3-11, 3-12, 3-13, 3-14, 3- |

| | | | |
|---|---|---|---|
| | | | 16,3-18, 3-19, 3-20,3-21, 3-22, 3-25,3-26, 4-9 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി8/85/18/ 29.02.2018 | 14 | 2-1, 2-2, 2-3(2),2-4,2-5, 3-1, 3-3,3-5, 3-6, 3-7, 3-12, 3-14, 3-16 |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി8/1455/2019 തീ-01.10.2019 | 16 | 2-2, 2-3(1) (2), 2-4, 2-4(2), 2-5(2), 3-2, 3-5(1) (2), 3-6, 3-8, 3-10, 3-11(1), 3-12, 3-13, 3-14, |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി2/881/2020 തീ-30.11.2020 | 17 | 1-8(1,2,3,4,5), 1-9(3A,3C), 1-10, 1-14(3,4), 1-15(1,2,4), 1-16, 1-18, 1-19, 1-23, 1-25, 1-26, 1-28,1-29, 1-30, 1-31, 1-33, 1-36 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്